തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളസർവ്വകലാശാല
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 850/എ1/2025/അഡ്മിൻ. 19.05.2025

വിഷയം:- 2013 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലാ നിയമം വകുപ്പ് 13 (ബി) (iii) പ്രകാരം വിദ്യാർത്ഥികളിൽ നിന്നും പൊതുസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ നിർവാഹകസമിതിയിലേക്ക് ഒരു അംഗത്തെ തെരഞ്ഞെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) വൈസ് ചാൻസലറുടെ 19.05.2025 ലെ ഉത്തരവ്.

2) 05.05.2025 ന് പ്രസിദ്ധീകരിച്ച പൊതുസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ വോട്ടർപട്ടിക.

വിജ്ഞാപനം

2013 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലാ നിയമം വകുപ്പ് 13 (ബി) (iii) വിദ്യാർത്ഥികളിൽ നിന്നും പൊതുസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ നിർവാഹക സമിതിയിലേക്ക് ഒരു അംഗത്തെ തെരഞ്ഞെടുക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് തീയതിക്രമം പ്രസിദ്ധം ചെയ്ത് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

ഈ വിജ്ഞാപന പ്രകാരം പൊതുസഭയിലെ വിദ്യാർത്ഥികളിൽ നിന്നും നിർവാഹകസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് താഴെ ചേർത്ത തീയതി ക്രമ പ്രകാരം നടത്തുന്നതാണ്.

1.	തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി	-	19.05.2025
2.	നാമനിർദ്ദേശപത്രിക സമർപ്പണം	-	21.05.2025 - ഉച്ചയ്ക്ക് 2 മണി വരെ
3.	നാമനിർദ്ദേശപത്രിക സൂക്ഷ്മപരിശോധന	-	21.05.2025 ഉച്ചയ്ക്ക് 3 മണി
4.	സ്ഥാനാർത്ഥി പട്ടികയുടെ പ്രസിദ്ധീകരണം	-	21.05.2025 വൈകു. 4 മണി
5.	നാമനിർദ്ദേശപത്രിക പിൻവലിക്കൽ	-	22.05.2025 വൈകു. 3 മണി
6.	അന്തിമ സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിക്കൽ	-	22.05.2025 വൈകു. 4 മണി
7.	തെരഞ്ഞെടുപ്പ് നടത്തുന്ന തീയതി	-	26.05.2025
8.	തെരഞ്ഞെടുപ്പ് നടത്തുന്ന സ്ഥലം	-	അക്ഷരം കാമ്പസ്
9.	വോട്ടെണ്ണൽ	-	26.05.2025 2 മണിക്ക്
10.	വോട്ടെണ്ണൽ കേന്ദ്രം	-	അക്ഷരം കാമ്പസ്
11.	ഫലപ്രഖ്യാപനം	-	26.05.2025 വൈകു. 4 മണി

സ്ഥാനാർത്ഥി പട്ടികയിൽ പേരുള്ള വോട്ടർമാർക്ക് നാമനിർദ്ദേശപത്രികയുടെ നിശ്ചിത മാതൃകയിലുള്ള ഫോറം 19.05.2025 മുതൽ രജിസ്ട്രാറുടെ പക്കൽ നിന്നോ വരണാധികാരിയിൽ നിന്നോ സൗജന്യമായി ലഭിക്കുന്നതാണ്.

നാമനിർദ്ദേശപത്രിക 21.05.2025 ന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി വരണാധികാരി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

19-05-25

ഡോ. സ്മിത കെ നായർ
വരണാധികാരി

തിരൂർ
മലപ്പുറം